ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA No. 1955/2013, 14-10-2015-ൽ തീർപ്പാക്കുകയും റിട്ട് പെറ്റീഷനിലെ വിധി സ്ഥിരപ്പെടുത്തുകയും ചെയ്തു.

(സി) അന്തർ സംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസൃതമായ നിലപാടാണ് സർക്കാർ കോടതിയിൽ സ്വീകരിച്ചിട്ടുള്ളത്.

പൂക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവ്

350 (2180) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ചനടത്തി തീരുമാനമായിട്ടും പൂക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജീവനക്കാരുടെ ഒഴിവ് നികത്തിയിട്ടില്ല എന്ന കാര്യം അറിയുമോ ;

(ബി) എങ്കിൽ ആവശ്യമായ ജീവനക്കാരെ എന്ന് നിയമിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ കെ.എസ്.ആർ.ടി.സി. പൂക്കാട് ഡിപ്പോയിൽ നിയമിച്ചിരുന്നുവെങ്കിലും പി.എസ്.സി.-യിൽ നിന്നും നിയമിച്ച കണ്ടക്ടർമാർ ജോലിയിൽ പ്രവേശിക്കാത്തതാണ് പൂക്കാട് ഡിപ്പോയിൽ കണ്ടക്ടർ വിഭാഗത്തിലുള്ള ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടാകുവാൻ കാരണം.

(ബി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

351 (2181) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പുമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾമുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly